വികലാംഗത്വം ഉള്ളവർക്കാണ് ഈ സഹായം നൽകിവരുന്നത്; എത്ര രൂപയാണ് ഒരു കുട്ടിക്ക് പ്രതിവർഷം നൽകിവരുന്നത്; ഏതു ക്ലാസ്സിൽവരെയുള്ളവർക്കാണ് ഇത് അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) പത്തനംതിട്ട ജില്ലയിലെ റാന്നി സബ്ജില്ലയിലെ സ്കൂളുകളിൽ കഴിഞ്ഞ 3 വർഷമായി ഈ തുക വിതരണം ചെയ്തിട്ടില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) കുടിശ്ശികയുൾപ്പെടെ ഈ തുക വിതരണം ചെയ്യുവാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 40% വികലാംഗത്വം ഉള്ളവർക്കാണ് ഈ സഹായം നൽകിവരുന്നത്. ഇതുസംബന്ധിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.†

(ബി) & (സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

വികലാംഗക്ഷേമത്തിന് മേഖലാ ക്യാമ്പുകൾ തുറക്കാൻ നടപടി

19 [457] *ശ്രീ. സി. ടി. അഹമ്മദ് അലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വികലാംഗരുടെ ക്ഷേമത്തിനായി എന്തെല്ലാം പരിപാടികളാണ് വികലാംഗക്ഷേമ കോർപ്പറേഷൻ ചെയ്തുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) വികലാംഗർക്ക് സർട്ടിഫിക്കറ്റുകളും ഉപകരണങ്ങളും വിതരണം ചെയ്യാനുള്ള മേഖലാ ക്യാമ്പുകൾ നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ എവിടെയെല്ലാമാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്നും, എന്നത്തേക്കാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ;

(ഡി) ഓരോ ക്യാമ്പിലും എത്ര പേർക്കാണ് സഹായം വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ മംഗൽപാടി ഗ്രാമപഞ്ചായത്തിലെ എ. ജെ. എസ്. സീനിയർ സെക്കണ്ടറി സ്കൂളിൽ വച്ച് 19-6-2005 രാവിലെ 9 മണി മുതൽ വൈകിട്ട് 3 മണിവരെ വിവിധോദ്ദേശ്യ വികലാംഗ ക്യാമ്പ് സംഘടിപ്പിക്കുകയുണ്ടായി.

† അനുബന്ധം IX.

LIBRARY ARCHIVES Kerala Legislative Assembly

ഈ ക്യാമ്പിൽ മെഡിക്കൽ ബോർഡ് സന്നിഹിതരായിരുന്നു. മംഗൽപാടിയിൽ നടന്ന ക്യാമ്പിൽ ഏതാണ്ട് 300 പേരെ പരിശോധിച്ച് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. വികലാംഗർക്ക് സൗജന്യമായി 36 ട്രൈസിക്കിൾ, 47 വീൽചെയർ, 60 ശ്രവണ സഹായി, 4 ക്രച്ചസ് എന്നിവ വിതരണം ചെയ്തു. എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ ഇല്ലാത്തവരുടെ രജിസ്ട്രേഷൻ, നാഷണൽ ഹാൻഡിക്യാപ്ഡ് ഫിനാൻസ് & ഡെവലപ്മെന്റ് കോർപ്പറേഷന്റെയും വികലാംഗക്ഷേമ കോർപ്പറേഷന്റെയും വായ്പാ അപേക്ഷകളുടെ വിതരണം എന്നിവയും നടത്തുകയുണ്ടായി.

(ബി)—(ഡി) റിസോഴ്സസ് സെന്റർ ആരംഭിക്കുന്നതോടെ ക്യാമ്പുകൾ ആവശ്യമില്ലാതെവരും.

വികലാംഗ കോർപ്പറേഷന്റെ ആഭിമുഖ്യത്തിലുള്ള റിസോഴ്സ് സെന്ററും റിമ്പ് നിർമ്മാണ യൂണിറ്റും സ്ഥാപിക്കാൻ നടപടി

20 [458] *ശ്രീ. ചെർക്കളം അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ ഉപ്പളയിൽ വികലാംഗ കോർപ്പറേഷന്റെ ആഭിമുഖ്യത്തിലുള്ള റിസോഴ്സ് സെന്ററും ലിമ്പ് നിർമ്മാണ യൂണിറ്റും എന്നത്തേക്ക് സ്ഥാപിക്കാൻ കഴിയും;

(ബി) ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) & (ബി) കാസർഗോഡ് ജില്ലയിലെ മംഗൽപാടി പഞ്ചായത്തിൽ നാഷണൽ ഹൈവേയുടെ വശത്തായി 28 ലക്ഷം രൂപയോളം വിലമതിക്കുന്ന കെട്ടിടവും സ്ഥലവും റിസോഴ്സ് സെന്റർ സ്ഥാപിക്കുന്നതിനായി വികലാംഗക്ഷേമ കോർപ്പറേഷന് വിട്ടുകൊടുക്കുന്നതിന് ഗ്രാമപഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്. ഇതിനടുത്തുതന്നെ ലിമ്പ് നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിന് സ്ഥലവും പഞ്ചായത്തുവകയായി നൽകിയിട്ടുണ്ട്. ഇതിനാവശ്യമായ ബഡ്ജറ്റ് അനുമതിയും ലഭിച്ചിട്ടുണ്ട്. എൻഡോസൾഫാൻ കീടനാശിനിയുടെ പ്രയോഗംമൂലം കഷ്ടത അനുഭവിക്കുന്ന വികലാംഗരുടെ ചികിത്സ, പുനരധിവാസം തുടങ്ങിയവയ്ക്കുവേണ്ടി ഒരു പദ്ധതിയും കോർപ്പറേഷന്റെ പരിഗണനയിലുണ്ട്. റിസോഴ്സ് സെന്ററും ലിമ്പ് നിർമ്മാണ യൂണിറ്റും എത്രയും വേഗം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly